പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 800

20/03/2013-ൽ
മറുപടിയ്ക്കു്

## മലബാറിലെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾ

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലബാറിലെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | എ) 2011-12 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡിന് ലഭിച്ച ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 3.5 കോടി രൂപ ജീർണ്ണോദ്ധാരണ ധന സഹായത്തിനായി നീക്കിവെച്ചിട്ടുണ്ട്. 2012-13 വർഷത്തെ വിഹിതത്തിൽ നിന്നും 4.5 കോടി രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് തുക അനുവദിച്ചത്; എന്ത് തുക വീതം അനുവദിച്ചു; വ്യക്തമാക്കുമോ ;<br>സി) ക്ഷേത്രങ്ങളുടെ പരിഷ്ക്കരണ പ്രവൃത്തികൾക്ക് തുക അനുവദിച്ചില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | ബി) & സി) മലബാർ ദേവസ്വം ബോർഡ് നിലവിൽ ഇല്ലാത്തതിനാൽ ഗ്രാൻറ് വിതരണ കമ്മിറ്റി യോഗം ചേർന്നിട്ടില്ല. അതിനാൽ ക്ഷേത്രങ്ങൾക്ക് തുക അനുവദിച്ചിട്ടില്ല. ബോർഡ് രൂപീകരിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ ഗ്രാൻറ് വിതരണ കമ്മിറ്റി യോഗം ചേർന്ന് ഇതിനുള്ള നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ